"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - ശ്രീ.കെ.ബി സുഭാഷ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് - അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിൽ ടിയാന്റെ സീനിയോറിറ്റി പുനഃ ക്രമീകരിച്ച- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.390/2024/F&WLD തീയതി, തിരുവനന്തപുരം, 06-09-2024

---

പരാമർശം:-

1. 27.04.2015 - ലെ സ.ഉ(കൈ)നം.26/2015/വനം.
2. 03.03.2016 - ലെ സ.ഉ(സാധാ)നം.99/2016/വനം.
3. 09.10.2020 - ലെ സ.ഉ(സാധാ)നം.250/2020/വനം.
4. 17.05.2021 - ലെ സ.ഉ(കൈ)നം.9/2021/വനം.
5. ശ്രീ.കെ.ബി സുഭാഷിന്റെ 28.02.2023 തീയതിയിലെ അപേക്ഷ.
6. 19.08.2023 - ലെ സ.ഉ(സാധാ)നം.311/2023/വനം.
7. 14.03.2024 - ലെ എഫ്1/96/2023/വനം നമ്പർ മെമ്മോ.

**ഉത്തരവ്**

അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലെ സീനിയോറിറ്റി പുനഃക്രമീകരിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട കൊണ്ട് വനം വകുപ്പിലെ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ആയ ശ്രീ.കെ.ബി സുഭാഷ് പരാമർശം 5 പ്രകാരം അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. 31.12.2017 - തീയതി അടിസ്ഥാനമാക്കിയുള്ള വനം വകുപ്പിലെ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയുടെ പ്രൊവിഷണൽ സീനിയോറിറ്റി പട്ടികയ്ക്കെതിരെ ടിയാൻ നൽകിയ ആക്ഷേപവും, പരാമർശം 4 പ്രകാരമുള്ള അന്തിമ പട്ടികയ്ക്ക് എതിരായി ടിയാൻ നൽകിയ അപേക്ഷയും സർക്കാർ നിരസിച്ചിരുന്നെങ്കിലും, സമാന സ്വഭാവമുള്ള കേസുകളിൽ വനം വകുപ്പിൽ സർക്കാർ ഇതിനകം കൈക്കൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ. കെ.ബി സുഭാഷിന്റെ പരാമർശം 5 അപേക്ഷ സർക്കാർ പുനഃ പരിശോധിക്കുകയുണ്ടായി.

2. അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനായി (SR from SC/ST) കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ 2009- വർഷം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരമാണ് ശ്രീ.കെ.ബി.സുഭാഷിന് നിയമനം ലഭിച്ചത്. 2009 - വർഷം വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും, 2015- ൽ മാത്രമാണ് ടിയാന് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയത്. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിക്കുന്ന സമയത്തു 1966 - ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ആണ് നിലവിലുണ്ടായിരുന്നത്. എന്നാൽ, 2010 — ൽ, 1966 - ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിനെ മറികടന്ന് പുതിയ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പുറപ്പെടുവിക്കുകയുണ്ടായി. 2010 - ൽ പുതിയ സ്പെഷ്യൽ റൂൾസ് പുറപ്പെടുവിച്ചപ്പോൾ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം (Direct Recruitment) സംബന്ധിച്ച വ്യവസ്ഥകൾ ഇല്ലാതായി. നേരിട്ടുള്ള നിയമനം സംബന്ധിച്ച വ്യവസ്ഥകൾ

ഇല്ലാത്തതിനാൽ സീനിയോറിറ്റി അടക്കമുള്ള വിഷയങ്ങളിൽ ജനറൽ റൂൾസിലെ വ്യവസ്ഥകൾ ബാധകമാക്കണമെന്ന് പരാമർശം 5 അപേക്ഷയിൽ ശ്രീ.കെ.ബി സുഭാഷ് ആവശ്യപ്പെട്ടുകയുണ്ടായി.

3. 2010 - ൽ പുതിയ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിനു മുൻപ് 2009 - ൽ ഫോറസ്റ്റ് അപ്രന്റീസ് വിഭാഗത്തിൽ നിന്നും റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയ ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി ജനറൽ റൂൾസ് പ്രകാരം നിശ്ചയിച്ചു കൊണ്ട് പരാമർശം 3 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഫോറസ്റ്റ് അപ്രന്റീസ് വിഭാഗത്തിൽ നിന്നും റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയ ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി പഴയ സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ പ്രകാരം കണക്കാക്കാതെ ജനറൽ റൂൾസ് പ്രകാരം നിയമന ശിപാർശ തീയതി അടിസ്ഥാനമാക്കി നിശ്ചയിക്കുകയാണ് ഉണ്ടായത്. സീനിയോറിറ്റി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് 2010 - ലെ കേരള ഫോറസ്റ്റ് സർവീസ് സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥകളൊന്നുമില്ലാത്തതിനാലും, സ്പെഷ്യൽ റൂൾസിൽ സീനിയോറിറ്റിയെക്കുറിച്ച് ഒന്നും പറയാത്തതിനാൽ, ജനറൽ റൂൾസിലെ പ്രസക്തമായ വ്യവസ്ഥകൾ ബാധകമാകും എന്നതിന്റെ അടിസ്ഥാനത്തിൽ ആണ് മേൽ ഉത്തരവ് പുറപ്പെടുവിച്ചത്. 1962 - ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് നേരിട്ട് നിയമനം ലഭിച്ച ശ്രീ.വിജി.പി.വർഗീസ് ഫയൽ ചെയ്ത OA (Ekm) 1190, 1554 & 2126 of 2018- കേസുകളിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 30.03.2021 - ലെ ഉത്തരവിൽ പുതിയ റൂൾസ് ബാധകമാക്കി ട്രെയിനിങ് ഒഴിവാക്കി പ്രൊമോഷൻ അനുവദിക്കാൻ ഉത്തരവായിരുന്നു. പുതിയ സ്പെഷ്യൽ റൂൾസ് വന്നതിനു ശേഷം നടക്കുന്ന നിയമനങ്ങൾക്ക് സാധാരണയായി പുതിയ സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ ആണ് ബാധകം. എന്നാൽ, സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥ ചെയ്യാത്ത കാര്യങ്ങൾക്ക് ജനറൽ റൂൾസും ആണ് ബാധകം.

4. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ മറ്റു സർവ്വീസ്/സാമ്പത്തിക ആനുകൂല്യങ്ങൾക്ക് പരിഗണിക്കില്ല എന്ന വ്യവസ്ഥയിൽ ശ്രീ.കെ.ബിസുഭാഷിന്, 1958- ലെ കെ.എസ് & എസ്.എസ്.ആർ ചട്ടം 27(c) ബാധകമാക്കി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ടിയാന് നിയമന ശിപാർശ നൽകിയ തീയതിയായ 04.02.2015 അടിസ്ഥാനമാക്കി അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിൽ ടിയാന്റെ സീനിയോറിറ്റി നിർണ്ണയിക്കപ്പെടുന്നതിന് അർഹതയുള്ളതും, ആയതിനു നിയമപരമായ തടസ്സങ്ങൾ ഇല്ലാത്തതുമാണ്. 31.12.2022 - അടിസ്ഥാനമാക്കിയുള്ള അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരുടെ നിലവിലെ പ്രൊവിഷണൽ സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 62 ആയാണ് ശ്രീ.കെ.ബി സുഭാഷ് ഉൾപ്പെട്ടിട്ടുള്ളത്. നിയമന ശിപാർശ തീയതി അടിസ്ഥാനമാക്കി, ശ്രീ.കെ.ബി സുഭാഷിന് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലെ സീനിയോറിറ്റി പുനഃ ക്രമീകരിച്ചു നൽകുകയാണെങ്കിൽ നിലവിലെ പ്രൊവിഷണൽ സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 44 ശ്രീ.ജയപ്രകാശ് വി.പി -ക്കും, ക്രമ നമ്പർ 45 - ശ്രീ.രാജീവൻ എം -നും ഇടയിലായി, ശ്രീ.രാജീവൻ എം മുതൽ ശ്രീ.ഹീരാലാൽ എസ് വരെയുള്ള 17 പേർക്ക് മുകളിലായി ശ്രീ.കെ.ബി സുഭാഷിന്റെ സീനിയോറിറ്റി നിർണ്ണയിക്കേണ്ടി വരും.

5. ആയതിനാൽ, പരാമർശം 6 പ്രകാരം അംഗീകരിച്ച 31.12.2022 അടിസ്ഥാനമാക്കിയുള്ള വനം വകുപ്പിലെ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റുമാരുടെ പ്രൊവിഷണൽ സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 44 ശ്രീ.ജയപ്രകാശ് വി.പി -ക്കും, ക്രമ നമ്പർ 45 - ശ്രീ.രാജീവൻ എം -നും ഇടയിലായി ശ്രീ.കെ.ബി സുഭാഷിന്റെ സീനിയോറിറ്റി പുനഃക്രമീകരിച്ചു നൽകുന്നത് സംബന്ധിച്ച് ആക്ഷേപമുള്ള പക്ഷം പരാതി സമർപ്പിക്കുവാൻ പ്രൊവിഷണൽ സീനിയോറിറ്റി പട്ടികയിലെ ശ്രീ.രാജീവൻ എം മുതൽ ശ്രീ.ഹീരാലാൽ എസ് വരെയുള്ള 17 ജീവനക്കാരോട് പരാമർശം 7 പ്രകാരം ആവശ്യപ്പെട്ടുകയുണ്ടായി. തുടർന്ന്, ശ്രീ. അഫ്സൽ അഹമ്മദ് (ക്രമ.നം.48), ശ്രീ. ബൈജു കൃഷ്ണൻ (ക്രമ.നം.49), ശ്രീ. മുഹമ്മദ് അൻവർ, വൈ (ക്രമ.നം.50), ശ്രീ. ശിവപ്രസാദ്, ആർ (ക്രമ.നം.51)

ശ്രീമതി. ഷജ്ന, എ (ക്രമ.നം.52), ശ്രീമതി. സുമി ജോസഫ് (ക്രമ.നം.53), ശ്രീ. മനു സത്യൻ (ക്രമ.നം.55), എന്നീ ജീവനക്കാർ, ശ്രീ.കെ.ബി. സുഭാഷിന്റെ സീനിയോറിറ്റി പുനഃക്രമീകരിച്ച് നൽകുന്നതിൽ രേഖാമൂലം സർക്കാരിൽ പരാതികൾ സമർപ്പിക്കുകയുണ്ടായി. ടി പരാതികളിലെ ആക്ഷേപങ്ങൾ ചുവടെ പറയുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

6. അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനായി (SR from SC/ST) കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ 2009- വർഷം പുറപ്പെടുവിച്ചതും, ശ്രീ.കെ.ബി സുഭാഷ് അപേക്ഷിച്ചതുമായ വിജ്ഞാപനം 1966 - ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം തയ്യാറാക്കിയതാണ്. 01.01.2004 - തീയതിയിൽ വനം വകുപ്പിൽ SC/ST വിഭാഗങ്ങൾക്കായി റിസർവ് ചെയ്ത ഗസറ്റഡ് തസ്തികയിലേക്ക് (അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ) ആണ് 2009 - ൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ചത്. പക്ഷെ 2015 - ൽ മാത്രമാണ് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയത്. 1966 - ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂളിനെ മറികടന്നു കൊണ്ട് 2010 - ൽ പുതിയ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ നിലവിൽ വന്നു. പ്രസ്തുത റൂളിൽ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിന് വ്യവസ്ഥയില്ല. പക്ഷെ, ആയത് 2009 - ലെ വിജ്ഞാപനം പ്രകാരം അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിനുള്ള ശ്രീ.കെ.ബി സുഭാഷിന്റെ അവകാശത്തെ ഇല്ലാതാക്കുന്നില്ല. വിജ്ഞാപനത്തിന്റെ സമയത്തു നിലവിലുണ്ടായിരുന്ന നിയമങ്ങൾക്ക് അനുസൃതമായി തിരഞ്ഞെടുക്കപ്പെടാനുള്ള അവകാശം ശ്രീ.കെ.ബി സുഭാഷിനുണ്ട്. മുൻകാല പ്രാബല്യത്തിൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യപ്പെടാത്തിടത്തോളം ഈ അവകാശം നിഷേധിക്കപ്പെടുന്നില്ല.

7. ശ്രീ.കെ.ബി സുഭാഷിന് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നൽകിയ നിയമന ശിപാർശയിൽ, നിയമന ഉത്തരവ് 3 മാസത്തിനകം നൽകണമെന്നാണ് നിർദേശിച്ചിരുന്നത്. തുടർന്ന് പുറപ്പെടുവിച്ച പരാമർശം 1 ഉത്തരവിലും " for appointment as Assistant Conservator of Forests (SR for SC/ST)" എന്നാണ് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിയമന ശിപാർശയെ തുടർന്ന് ശ്രീ.കെ.ബി സുഭാഷിന് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് സർക്കാർ അപ്പോയ്ന്റ്മെന്റ് നൽകിയതായി ഇതിൽ നിന്നും വ്യക്തമാകുന്നു. നേരിട്ടുള്ള നിയമനമായതിനാൽ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിൽ നിയമനം ലഭിച്ച ശേഷം ബന്ധപ്പെട്ട ട്രെയിനിങ്ങുകൾക്കായി ടിയാനെ 'depute' ചെയ്യുകയുണ്ടായി. പുതിയ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിന് ശേഷമാണ് ശ്രീ.കെ.ബി സുഭാഷിന് നിയമന ഉത്തരവ്/നിയമന ശിപാർശ നൽകിയിരിക്കുന്നത് എന്നതിനാൽ സാധാരണഗതിയിൽ പുതിയ സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളും, സ്പെഷ്യൽ റൂളിന്റെ പരിധിയിൽ വരാത്തതോ സ്പെഷ്യൽ റൂളുകൾക്ക് എതിരല്ലാത്തതോ ആയ കാര്യങ്ങൾക്ക് പൊതുവായ നിയമങ്ങളുമാണ് ബാധകമാക്കേണ്ടത്. അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിൽ നേരിട്ട് നിയമനത്തിനുള്ള വ്യവസ്ഥയോ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയുടെ [ Direct Recruitment ] സീനിയോറിറ്റി നിർണയം സംബന്ധിച്ച വ്യവസ്ഥകളോ 2010 -ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനായുള്ള 1966 - ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂളിലെ വ്യവസ്ഥകൾ പ്രകാരമല്ലാതെ, ഡിപ്ലോമ കോഴ്സ് കാലയളവിലും, പ്രൊബേഷണറി അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് കാലയളവിലും ശ്രീ.കെ.ബി സുഭാഷിന്, പരാമർശം 2 പ്രകാരം സർക്കാർ ശമ്പള സ്കെയിൽ പ്രത്യേകമായി നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

8. നിയമനം ലഭിച്ച വേളയിൽ നിയമനത്തിന് ആധാരമായ സ്പെഷ്യൽ റൂളിനെ മറികടന്നു കൊണ്ട് പുതിയ റൂൾ വരികയും പ്രസ്തുത റൂളിൽ ടി തസ്തികയിലെ നിയമനം സംബന്ധിച്ച വ്യവസ്ഥകൾ

ഇല്ലാതാകുകയും ചെയ്ത സാഹചര്യമാണ് ശ്രീ.കെ.ബി സുഭാഷിന്റെ കാര്യത്തിൽ സർക്കാർ പരിശോധിച്ചത്. ഇത്തരമൊരു സാഹചര്യത്തിൽ ആണ് പരാമർശം 3 ഉത്തരവ് വനം വകുപ്പിൽ പുറപ്പെടുവിച്ചിട്ടുള്ളത് . ശ്രീ.വിജി.പി.വർഗീസ് ഫയൽ ചെയ്ത OA (Ekm) 1190, 1554 & 2126 of 2018- കേസുകളിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 30.03.2021- ലെ ഉത്തരവിലെ കണ്ടെത്തലിന്റെ കൂടി അടിസ്ഥാത്തിൽ ആണ് ശ്രീ.കെ.ബി സുഭാഷിന് സീനിയോറിറ്റി പുനഃ ക്രമീകരിച്ച് നൽകുന്നതിൽ ആക്ഷേപം ഉണ്ടെങ്കിൽ സമർപ്പിക്കാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നത്. സീനിയോറിറ്റി പുനഃക്രമീകരണത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാർ രണ്ടാമത് ഒരു പരിശോധന നടത്തുവാൻ പാടില്ല എന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. സർക്കാർ എടുത്ത തീരുമാനത്തിൽ പുനഃപരിശോധന ആവശ്യമെന്നു ബോധ്യപ്പെടുന്ന തരത്തിൽ വസ്തുതാപരമായ കാര്യങ്ങൾ ഉന്നയിക്കപ്പെട്ടാൽ സർക്കാരിന് പ്രസ്തുത തീരുമാനം പുനഃപരിശോധിക്കാവുന്നതാണ്. ലഭ്യമായ ആക്ഷേപങ്ങൾ മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ പരിഗണാർഹമല്ല.

9. മേൽ സാഹചര്യത്തിൽ, മറ്റു സർവ്വീസ്/സാമ്പത്തിക ആനുകൂല്യങ്ങൾക്ക് പരിഗണിക്കില്ല എന്ന വ്യവസ്ഥയിൽ വനം വന്യജീവി വകുപ്പിലെ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ആയ ശ്രീ.കെ.ബി സുഭാഷിന്, 1958- ലെ കെ.എസ് & എസ്.എസ്.ആർ ചട്ടം 27(c) ബാധകമാക്കി അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് ടിയാന് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നൽകിയ നിയമന ശിപാർശയുടെ തീയതി അടിസ്ഥാനമാക്കി ടി തസ്തികയിൽ ടിയാന്റെ സീനിയോറിറ്റി പുനഃക്രമീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUSAN GOPI

അഡിഷണൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ( ഭരണം ), തിരുവനന്തപുരം.

ശ്രീ.കെ.ബി സുഭാഷ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, ആരണ്യ ഭവൻ ഫോറസ്റ്റ് കോംപ്ലെക്സ്, എസ്.എച്ച് മൗണ്ട് പി.ഒ, കോട്ടയം - 686 006.

ശ്രീ രാജീവൻ, എം., ശ്രീ. ഇംതിയാസ്, എ.പി., ശ്രീ. ആദർശ്, എം., ശ്രീ. അഫ്സൽ അഹമ്മദ്, ശ്രീ. ബൈജു കൃഷ്ണൻ, ശ്രീ. മുഹമ്മദ് അൻവർ, വൈ., ശ്രീ. ശിവപ്രസാദ്, ആർ., ശ്രീമതി. ഷജ്ന, എ., ശ്രീമതി. സുമി ജോസഫ്, ശ്രീ. അനീഷ്, സി.പി., ശ്രീ. മനു സത്യൻ, ശ്രീ. അജിത് കെ. രാമൻ, ശ്രീ. ഹരികൃഷ്ണൻ, കെ. വി., ശ്രീ. രഞ്ജിത്കുമാർ, പി., ശ്രീ. ഹാബി, സി. കെ., ശ്രീ. സനിൽ, ഐ. പി., ശ്രീ. ഹീരാലാൽ, എസ്. [ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ( ഭരണം ) മുഖേന ].

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Noushad. S

സെക്ഷൻ ഓഫീസർ

Date: 06-09-2024 17:06:13